**QP CODE** **Enrollment Number: ………………**

**A3002** **Name: ………………………………**

# MA DEGREE EXAMINATIONS, DECEMBER 2024

**Fourth Semester**

**M.A. Malayalam Language and Literature**

**M21ML11DC – ദൃശ്യകലാസാഹിത്യം**

**(2022 admissions)**

**Time: 3 Hours** **Max Marks: 70**

## സെക്ഷൻ എ

**ഏതെങ്കിലും അഞ്ചു ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക. രണ്ടു മാർക്ക് വീതം.**

1. നാടൻ കലകളിലെ ദൃശ്യപ്പൊലിമയ്ക്ക് കാരണമായ ഘടകങ്ങൾ എന്തെല്ലാമാണ് ?
2. തെയ്യങ്ങളുടെ രൂപ വൈവിധ്യത്തിനു അടിസ്ഥാനമായ ഘടകങ്ങൾ ഏതെല്ലാമാണ് ?
3. മോഹിനിയാട്ടത്തിന്റെ അവതരണരീതിയിലെ പ്രത്യേകതകൾ എന്തെല്ലാമാണ്?
4. ഓട്ടൻതുള്ളലിലെ വേഷവിധാനം എപ്രകാരമാണ്?
5. തനതു നാടകവേദി- കുറിപ്പു തയ്യാറാക്കുക.
6. ആനിമേഷൻ എന്നാലെന്ത്?
7. ചലച്ചിത്രത്തിന്റെ ബ്ലൂ പ്രിന്റാണ് തിരക്കഥ എന്നു പറയുന്നതെന്തുകൊണ്ട്?
8. സീരിയലുകളുടെ ജനപ്രിയതയ്ക്ക് കാരണമെന്ത്?

**(2X5=10)**

## സെക്ഷൻ ബി

**ഏതെങ്കിലും ആറു ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതം**

9. ജനതയുടെ സംസ്കാരത്തിന്റെ തായ് വേരുകൾ കണ്ടെത്താൻ കഴിയുന്നത് അവിടുത്തെ നാടൻ കലകളിലാണെന്നു പറയുന്നതെന്തുകൊണ്ട് ?
10. അനുഷ്ഠാന നാടകങ്ങളുടെ സവിശേഷതകൾ എന്തെല്ലാം? വിശദീകരിക്കുക.
11. പ്രാചീനകാലത്തു തമിഴകത്തിന് വികസിതമായ അവതരണ പാരമ്പര്യമുണ്ടായിരുന്നതിനു ചിലപ്പതികാരം നൽകുന്ന സൂചനകൾ എന്തെല്ലാം ?

12. രചനയിലും രംഗാവതരണത്തിലും തെരുവുനാടകം വേറിട്ടു നിൽക്കുന്നതെങ്ങനെയാണ് ? വിശദീകരിക്കുക.
13. ബർണോൾഡ് ബ്രഹ്തിന്റെ നാടകസങ്കല്പത്തെ ജി. ശങ്കരപ്പിള്ള നോക്കിക്കാണുന്നതെങ്ങനെ? വിശദീകരിക്കുക.
14. അധ്വാനിക്കുന്ന ഇടവും അരങ്ങും ഒന്നായിത്തീരുന്ന കാഴ്ചയുടെ അനുഭവ ലോകത്തെ പാട്ടബാക്കി എന്ന നാടകത്തിൽ എങ്ങനെ ആവിഷ്ക്കരിച്ചിരിക്കുന്നു ?
15. ദൃശ്യഭാഷ വാക്കുകളെയും ശബ്ദത്തെയും പുതിയ രീതികളിൽ സന്നിവേശിപ്പിച്ചു കൊണ്ടിരിക്കുന്നത് എങ്ങനെയെല്ലാമാണ് ? ചർച്ച ചെയ്യുക.
16. തിരക്കഥയുടെ അഞ്ച് ഘടകങ്ങൾ ഏതെല്ലാം ?
17. വിവരവിനിമയരംഗത്തെ ഉദാരവൽക്കരണത്തിന്റെ ഫലങ്ങളെന്തെല്ലാം ? പരിശോധിക്കുക.
18. ദക്ഷിണേന്ത്യയിലെ സംസ്കൃത നാടകത്തിന്റെ പ്രാചീന ചരിത്രം എം. വി. നാരായണൻ വ്യക്തമാക്കുന്നത് എപ്രകാരമാണ് ? വിശദീകരിക്കുക.

**(5X6=30)**

## സെക്ഷൻ സി

**ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക. പതിനഞ്ചു മാർക്ക് വീതം.**

19. ശ്രീ നാരായണ ഗുരുവിന്റെ പ്രതിഷ്ഠാപനങ്ങൾ കേരളീയ നവോത്ഥാനത്തിന്റെ നാഴികക്കല്ലുകളായി പരിണമിച്ചത് ഏതെല്ലാം രീതികളിലാണ് ? ചർച്ച ചെയ്യുക.
20. ജനജീവിതത്തിന്റെ പ്രതിഫലനമാണ് തെരുവുനാടകം എന്നു പറയുന്നതെന്തുകൊണ്ട്? വിശദീകരിക്കുക.
21. കാലത്തിന്റെയും ദേശത്തിന്റെയും അടയാളങ്ങൾ അനുഷ്ഠാന കലകളിൽ കാണുന്നതെങ്ങനെയാണ് ? പരിശോധിക്കുക.
22. ആരാധനയിലും അനുഷ്ഠാനത്തിലും തെയ്യങ്ങൾ പുലർത്തുന്ന വൈവിധ്യമെന്ത് ? ചർച്ച ചെയ്യുക.

**(15X2=30)**